കേരള സർക്കാർ

www.lfa.kerala.gov.in

# നെന്മേനി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dwyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി).പി.1/841/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൽപ്പറ്റ,വയനാട്
ഫോൺ: 04936 203672
ഇ-മെയിൽ: dowyd.ksad@kerala.gov.in
തീയതി: 03.12.2016.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

നെന്മേനി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെന്മേനി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-3 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-3, 3-6, 3-11, 3-12, ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി).പി.1/841/2016 തിയ്യതി: 03.12.2016.

## വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 31.03.2016 തിയ്യതി വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്

യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ.ചക്രേശ്വര. ആർ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.11.2016 മുതൽ 18.11.2016 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ നവാസ് കെ എം അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.കെ.കെ.ബിന്ദു അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയൻ.പി.,ഓഡിറ്റർ |
| | കുമാരി. ലത.ടി.കെ, ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ജയമുരളി | 01.04.15 മുതൽ 31.10.15 വരെ |
| | ശ്രീമതി ഷഹർബാൻ സെയ്തലവി | 01.11.15 മുതൽ 31.03.16 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീ.കെ.ആർ. സാജൻ | 01.04.15 മുതൽ 31.10.15 വരെ |
| | ശ്രീമതി. മേരി ടീച്ചർ | 01.11.15 മുതൽ 31.03.16 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീമതി. ഷീല പുഞ്ചവയൽ | 01.04.15 മുതൽ 31.10.15 വരെ |
| | ശ്രീ. പി.കെ. രാമചന്ദ്രൻ | 01.11.15 മുതൽ 31.03.16 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീ.എം.കെ. പ്രേമചന്ദ്രൻ | 01.04.15 മുതൽ 31.10.15 വരെ |
| | ശ്രീമതി. സരള ഉണ്ണികൃഷ്ണൻ | 01.11.15 മുതൽ 31.03.16 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീമതി. ഷീജാരാജു. | 01.04.15 മുതൽ 31.10.15 വരെ |

| | | |
|---|---|---|
| | ശ്രീ. കെ. രാജഗോപാൽ | 01.11.15 മുതൽ 31.03.16 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. നാരായണൻ. കെ | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.സെക്രട്ടറി | ശ്രീ.പുരുഷോത്തമൻ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.ബിജ്ജുനോഷ്.എസ്.എൻ. | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. എൻ.പി. | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.സിമിത | 01.04.2015മുതൽ 31.03.2016 വരെ |
| വി ഇ ഒ | ശ്രീമതി. ഖമറുന്നീസ. വി. | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. മറിയുമ്മ.എം.കെ. | 01.04.2015മുതൽ 31.03.2016 വരെ |
| അസി .എഞ്ചിനീയർ | ശ്രീമതി. വിനീത.സി.ടി. | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ശശി. ഒ.എം. | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ശ്രീമതി. അപർണ്ണ. വി.എൻ. | 01.04.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 2 | 1- 1 | ബജറ്റ് |
| 3 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 4 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |

| | | |
|---|---|---|
| 5 | 1-4 | സാമ്പത്തിക വിശകലനം |
| 6 | 1-5 | ഫണ്ട് വിനിയോഗം |
| 7 | 1-6 | പദ്ധതി അവലോകനം. |
| 8 | 1-7 | തനത് വരുമാനം. |
| 9 | 1-8 | ആഭ്യന്തരനിയന്ത്രണം,രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് |
| 10 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 11 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 12 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 13 | 1-11 | ഗ്രാമസഭാസംഘാടനം കാര്യക്ഷമമല്ല. |
| 14 | 1-12 | വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല. |
| 15 | 2-1 | ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല |
| 16 | 2-2 | ബി.എസ്.എൻഎൽ ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാത്തതു സംബന്ധിച്ച് - |
| 17 | 2-3 | 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധപ്പെടുത്താത്തതു സംബന്ധിച്ച്-ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 18 | 2-4 | തൊഴിൽനികുതി പരിശോധന സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ അറിയിക്കുന്നു. |
| 19 | 3-1 | ഗ്രാമ പഞ്ചായത്തിന്റെ മിനുട്സ് പുസ്തകം യഥാസമയം ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല |
| 20 | 3-2 | ദർഘാസ് പത്രപരസ്യം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. |
| 21 | 3-3 | ഫയലുകൾ ഹാജരാക്കാത്തത് |
| 22 | 3-4 | ഗുണഭോക്തൃസമിതി പ്രവൃത്തികൾ-മാനദണ്ഡങ്ങൾ പാലിച്ചില്ല. |
| 23 | 3-5 | വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ -കരാറുകാരൻ കരാർ ചമക്കാൻ കാലതാമസം വന്നു-നടപടി സ്വീകരിച്ചില്ല . |
| 24 | 3-6 | പഞ്ചായത്തിന് വിട്ടുകിട്ടാത്ത സ്ഥാപനങ്ങൾക്ക് തുക ചെലവഴിച്ചത്. |
| 25 | 3-7 | സ്ഥലം വിട്ടുകിട്ടാതെ റോഡ് നിർമ്മാണപ്രവൃത്തികൾ നടപ്പാക്കി |
| 26 | 3-8 | ചള്ളുവോട് അമ്പലം റോഡ് സോളിംഗ്-അപാകങ്ങൾ |

| | | |
|---|---|---|
| 27 | 3-9 | മുത്താച്ചിക്കുന്നി ഓടമൂല-പൂളക്കര റോഡ് സോളിംഗ്,കോൺക്രീറ്റ്-അപാകങ്ങൾ |
| 28 | 3-10 | കുടിവെള്ളപദ്ധതികളുടെ തുടർപ്രവൃത്തികൾക്ക് തുക ചെലവഴിച്ചത്. |
| 29 | 3-11 | പിൻവലിച്ച തുകകൾ പൂർണ്ണമായും ചെലവഴിച്ചില്ല. |
| 30 | 3-12 | ഉണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾക്കായി വാങ്ങുന്ന നിർമ്മാണ സാധനങ്ങൾക്ക് വിൽപ്പനനികുതി ഈടാക്കുന്നില്ല. |
| 31 | 3-13 | പൊതുമരാമത്ത് പ്രവൃത്തികൾ-അശാസ്ത്രീയമായ ആസൂത്രണവും നടപ്പാക്കലും |
| 32 | 3-14 | പാലാക്കുന്നി മാത്തൂർ റോഡ് സൈഡ് കെട്ട്-അപാകങ്ങൾ |
| 33 | 3-15 | വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്തത്. |
| 34 | 3-16 | വി ഇ ഒ നടപ്പിലാക്കിയ പദ്ധതികൾ അപാകതകൾ |
| 35 | 3-17 | വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ അപാകതകൾ |
| 36 | 3-18 | അംഗനവാടി പോഷകാഹാരം വാങ്ങിക്കൽ |
| 37 | 3-19 | അഗതി - ആശ്രയ പദ്ധതി കാര്യക്ഷമമല്ല. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16.വർഷത്തെ ബജറ്റ് 16/03/2016 തീയതിയിലെ 22/03/2016 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. 2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 25/06/2016 ലെ 49/06/2016നമ്പർ പ്രകാരം അംഗീകരിച്ചു.

താരതമ്യം ചെയ്യാൻ കഴിഞ്ഞ വരവിനങ്ങളുടെ വിവരം - ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും പൊരുത്തപ്പെടുന്നില്ല-ബജറ്റ് തയ്യാറാക്കുന്നതിൽ സൂക്ഷ്മത പുലർത്തുന്നില്ല.

ബജറ്റ് തയ്യാറാക്കുന്നതിൽ 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല. യഥാർഥത്തിലുള്ള ഡിമാന്റിനെക്കാൾ വ്യത്യാസമായ തുകകളാണ് ബജറ്റിൽ കാണിച്ചിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാൻഡ് | വ്യത്യാസം (-)/(+) |
|---|---|---|---|
| കെട്ടിടനികുതി | 49,00,000 | 36,00,000 | (-)13,00,000 |
| തൊഴിൽനികുതി | 11,42,463 | 12,70,040 | (+)1,27,577 |
| വാടക | 7,18,626 | 7,11,566 | (-)7,060 |

| | | | |
|---|---|---|---|
| പരസ്യം | - | - | |
| ഡി. ആന്റ്. ഒ. ലൈസൻസ് | 1,05,000 | 60,750 | (-)44,250 |
| വിനോദനികുതി | 3,650 | - | (-)3,650 |
| പെർമ്മിറ്റ് ഫീ | 4,00,000 | 1,50,127 | (-)2,49,873 |
| സേവനനികുതി | - | - | |
| ലേലങ്ങൾ | 1,27,750 | 2,900 | (-)1,24,850 |
| മറ്റുള്ളവ | 500 | 716 | (+)216 |

യാഥാർത്ഥ്യബോധത്തോടെ ബജറ്റ് പാസ്സാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 13.7.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2015-16 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമപഞ്ചായത്തിന്റെ വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പല ബാങ്ക് അക്കൗണ്ടുകളും ഏതാവശ്യത്തിനാണ് ഉപയോഗിക്കുന്നത് എന്നത് വ്യക്തമല്ല.
2. വിവിധ നികുതി ,നികുതിയിതര ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. വസ്തുനികുതി രേഖകൾ പൂർണ്ണമല്ല.
4. വിവിധ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും കണക്കുകൾ തിട്ടപ്പെടുത്താതെയും വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ എങ്ങനെ കണക്കാക്കി എന്ന് വ്യക്തമാക്കണം.
5. ഡെപ്പോസിറ്റ്, അഡ്വാൻസ് ,സ്ഥിരം നിക്ഷേപം,ലോൺ തുടങ്ങിയവയുടെ കൃത്യത വ്യക്തമല്ല.
6. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ്, വാർഷിക കണക്ക് (രശീത് & പേമെൻറ് അക്കൗണ്ട് RP 31) പ്രകാരം MNREGA ക്യാഷ് ബുക്ക് പൊരുത്തപ്പെടുന്നില്ല.
7. പബ്ലിക് കംഫർട്ട് സ്റ്റേഷൻ വരവ് - വാർഷിക കണക്കിലെ തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല
8. ബസ് സ്റ്റാന്റ് വരവ് - വാർഷിക കണക്കിലെ തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
9. രശീത് & പേമെൻറ് അക്കൗണ്ട് RP 31 വിവിധ വരവ് രേഖപ്പെടുത്തിയത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.
10. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ

ഹാജരാക്കിയിട്ടില്ല

11. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
12. ആസ്തി രജിസ്റ്റർ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കി പൂർത്തിയാക്കിയിട്ടില്ല. തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന വിവിധ പ്രൊജക്ടുകളിലായി ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ തുടങ്ങി ധാരാളം സാധന സാമഗ്രികൾ വാങ്ങുന്നുണ്ട്. ഇവയൊന്നും പ്രൊക്വർമെന്റ് കമ്മിറ്റി തീരുമാനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. മാത്രമല്ല ഇത്തരത്തിൽ വാങ്ങുന്ന സാധനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.
13. MNREGS, EFMI വഴി നൽകിയതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 787,76,438 |
| വരവ് | 8,38,45,942 |
| ആകെ | 16,26,22,380 |
| ചെലവ് | 12,61,09,811 |
| നീക്കിയിരിപ്പ്- | 3,65,12,569 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 9113606 | 29538187 | 38651793 | 23389970 | - | 0 |
| വികസനഫണ്ട് എസ്.സി.പി. | 3305805 | 2439334 | 5745139 | 2916763 | 1827500 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 9188214 | 13025070 | 22213284 | 18680161 | 3404425 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 3587720 | 14016000 | 17603720 | 16058624 | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3537964 | 5214000 | 8751964 | 6518856 | | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4054459 | 8015307 | 12069766 | 11892854 | 6177034 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| ലോകബാങ്ക് ധനസഹായം | | 5907227 | 5907227 | 4055611 | 5907227 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 456 | 17,17,65,822 | 328 | 10,67,61,079 | 108 | 128 | |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് /കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 43,72,221 | 51,98,838 | 8,26,617 | (+)19 |
| നികുതിയേതര വരവുകൾ | 21,97,355 | 15,68,801 | 6,28,554 | (-)28.6 |
| ആകെ | 65,69,576 | 67,67,639 | 14,55,171 | (-) 9.6 |

## 1-8 ആഭ്യന്തരനിയന്ത്രണം,രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമായി നടക്കുന്നില്ല. നികുതിയിനങ്ങളുടെ രജിസ്റ്ററുകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല.

ഇൻക്രിമെന്റ് രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. മുൻകൂർ രജിസ്റ്റർ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.ലോൺ രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല.ഇൻവെസ്റ്റ് മെന്റ് രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2015-16സാമ്പത്തികവർഷം പഞ്ചായത്ത് വാങ്ങിയ/നടപ്പാക്കിയ പല ആസ്തികളുടെയും വിവരം ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല. എസ്.എസ്.എ. മുഖേനയും മറ്റും സ്കൂളുകളിൽ നടത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ സമാഹരിക്കുന്ന ആസ്തികളുടെ വിവരങ്ങൾ എന്നിവ ചേർക്കുന്നില്ല.

പേഴ്സണൽ രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നുണ്ടെങ്കിലും അവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. തപാലുകൾ സെക്ഷനിലേക്ക് നൽകുന്നതിന്റെ തീർപ്പാക്കലുകൾ നിരീക്ഷിക്കാൻ കഴിയുന്നില്ല. പഞ്ചായത്ത് യോഗങ്ങളുടെ തീരുമാനം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മാസ്റ്റർ ഇൻകുംബൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

15.11.2016 ന് 11മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 52,637/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.8.16 മുതൽ 22.08.16 വരെ | 2016 മാസങ്ങൾ | 14.6.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.01.2016മുതൽ 10.02.2016.16 വരെ | 2010-11മുതൽ 2014-15 വരെ | LBA(HQ)ii/8a-2380/180/04.3.16 |

## 1-11 ഗ്രാമസഭാസംഘാടനം കാര്യക്ഷമമല്ല.

പഞ്ചായത്തിലെ ഗ്രാമസഭാ മിനുട്സുകൾ പരിശോധിച്ചതിൽ ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിൽ ചില വീഴ്ചകൾ വന്നത് ശ്രദ്ധയിൽപ്പെട്ടു. 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം 3 മാസത്തിലൊരിക്കൽ ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതും യോഗത്തിന്റെ ക്വോറം ആകെ വോട്ടർമാരുടെ പത്ത് ശതമാനം ആയിരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വിളിച്ചുചേർത്ത ചില യോഗങ്ങളിൽ ക്വോറം തികയുന്നില്ല. ക്വോറം തികയാത്ത യോഗങ്ങൾ മാറ്റിവെച്ച് വീണ്ടും വിളിച്ചുചേർക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഡ് -20, വോട്ടർമാരുടെ എണ്ണം-1711

   യോഗതീയതി-10.2.16, ഹാജർ- 161

2. വാർഡ് -5,വോട്ടർമാരുടെ എണ്ണം-1485

   യോഗതീയതി-2.10.16, ഹാജർ- 92.

   കൂടാതെ പല യോഗങ്ങളിലും മിനുട്സ് ക്ലോസ് ചെയ്തിട്ടില്ല. മുൻവർഷത്തെ വരവുചെലവുകണക്കുകൾ അംഗീകരിച്ചിട്ടില്ല.

## 1-12 വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/13 തീയതി 16.11.13 പ്രകാരം പങ്കാളിത്ത ആസൂത്രണത്തിൽ സമഗ്രവികസനം മുന്നിൽകണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിലാണ്. 13 വർക്കിംഗ് ഗ്രൂപ്പുകൾ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും ചില വർക്കിംഗ് ഗ്രൂപ്പുകൾ ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട

പല കാര്യങ്ങളും ചെയ്തിട്ടില്ല. തൻവർഷം ചേർന്ന യോഗത്തിൽ പ്രോജക്ടുകൾ സംബന്ധിച്ച ചർച്ചകൾ മാത്രമാണ് നടന്നത്. നടപ്പുപദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല. വ്രക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ എഴുതിപൂർത്തീകരിച്ചില്ല. മിനുട്സുകളിൽ യോഗങ്ങളുടെ ഹാജർ മാത്രം രേഖപ്പെടുത്തി തീരുമാനങ്ങൾ രേഖപ്പെടുത്താതെ പേജുകൾ ഒഴിച്ചിട്ടിരിക്കുന്നു.

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും മോണിട്ടർ ചെയ്യുന്നതിലും പ്രധാനപങ്കാളിത്തം വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കാതെ പദ്ധതികൾ രൂപീകരിക്കുന്നത് ക്രമപ്രകാരമല്ല.സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കാതെ പദ്ധതികൾ നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | കെട്ടിടനമ്പർ | ഈടാക്കേണ്ട കാലയളവ് |
|---|---|---|
| 1 | 2/107/a | 2010-11 മുതൽ |
| 2 | 2/492/a | ,, |
| 3 | 5/260/a | 2013-14 മുതൽ |
| 4 | 5/262 | 2008-09 മുതൽ |
| 5 | 10/379-a | 2013-14 മുതൽ |
| 6 | 12/291 | 2010-11 മുതൽ |
| 7 | 12/618-a | ,, |
| 8 | 12/701 | 2009-10 മുതൽ |
| 9 | 16/342-a | 2013-14 മുതൽ |
| 10 | 17/116-a | 2011-12 മുതൽ |
| 11 | 18/269-a | 2013-`4 മുതൽ |
| 12 | 19/646/a | ,, |
| 13 | 19/647/a | 2009-10 മുതൽ |
| 14 | 20/547/a | 2013-14 മുതൽ |

കെ.പി.ആർ വകുപ്പ് 243 പ്രകാരം പഞ്ചായത്തിനു കിട്ടേണ്ട നികുതികൾ ജപ്തി ആദ്യമേ നടത്തുകയോ, വ്യവഹാരം ആദ്യമേ കൊടുക്കുകയോ പ്രോസിക്യൂഷൻ നടപടി ആദ്യമേ തുടങ്ങുകയോ ചെയ്യാമായിരുന്ന തിയ്യതി മുതൽ 3 വർഷത്തിനുശേഷം നടത്താൻ പാടില്ലാത്തതാണ്. കെ.പി.ആർ (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലെ ഉപചട്ടം 14,15,16 പ്രകാരം വസ്തു നികുതി ഈടാക്കാൻ നടപടിയെടുത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ -10 /15-16/16.11.16 ന് മറുപടിയായി മേൽ മൊബൈൽ ടവ്വർ ഉടമകൾക്ക് 23/03/16 ന് കുടിശ്ശിക അടയ്ക്കുന്നതിന് ഡിമാൻറ് നോട്ടീസ് നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നികുതി കുടിശ്ശിക പൂർണ്ണമായും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ബി.എസ്.എൻഎൽ ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാത്തതു സംബന്ധിച്ച് -

19.09.2012 ലെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി) 2640/2012 പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ ടവ്വറുകൾക്ക് വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ നെന്മേനി ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതുവരെ പ്രവർത്തന ക്ഷമമായ 'ബി.എസ്.എൻഎൽ ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളുടെ വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ -14 /15-16/16.11.16 ന് മറുപടിയായി, പഞ്ചായത്ത് പെർമിറ്റ് നൽകിയ രണ്ട് ബി.എസ്.എൻ.എൽ മൊബൈൽ ടവ്വറുകളിൽ നിന്ന് നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് സെക്രകട്ടറി അറിയിച്ചിട്ടുണ്ട്.

## 2-3 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധപ്പെടുത്താത്തതു സംബന്ധിച്ച്-ഓഡിറ്റ് നിരീക്ഷണങ്ങൾ

2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നെൻമേനി ഗ്രാമപഞ്ചായത്തിന്റെ കൃഷിയോഗ്യമായ നെൽവയലുകളുടെയും തണ്ണീർതടങ്ങളുടെയും ഡാറ്റാബാങ്ക് ഉണ്ടാക്കുക, നിയമത്തിനെതിരായുള്ള നികത്തലുകൾ ജില്ലാതല ഓതറൈസ്ഡ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യുക, വെറുതെ കിടക്കുന്ന നെൽവയലുകൾ കൃഷിയോഗ്യമാക്കാൻ നടപടിയെടുക്കുക, വീട് വയ്ക്കാൻ വേറെ ഭൂമിയില്ലാത്ത ആളുകൾക്ക് സെക്ഷൻ 8(i) മുതൽ 8(iii) വരെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി(വയൽ നികത്തൽ ആവാസവ്യവസ്ഥയെ ബാധിക്കരുത്, വീട് വയ്ക്കുന്ന ആൾക്ക് ജില്ലയിൽ വേറെ വീട് ഉണ്ടാവരുത്, ചുറ്റുപാടും ഉള്ള നെൽകൃഷിയെ ബാധിക്കരുത്)വീട് വെയ്ക്കാൻ 10 സെന്റ് ഭൂമി വരെ നികത്താനുള്ള ശുപാർശ ജില്ലാതല ഓതറൈസ്ഡ് കമ്മിറ്റിക്ക് സമർപ്പിക്കുക എന്നിവ കൃഷി ഓഫീസർ കൺവീനറായിട്ടുള്ള ലോക്കൽ ലെവൽ കമ്മിറ്റിയുടെ ചുമതലകളാണ്.

ആയതിനാൽ ഇതുസംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങളും വിശദീകരണങ്ങളും ഓഡിറ്റിന് നല്കേണ്ടതാണ് .

1. നിയമം നിലവിൽ വന്നു 8 വർഷം കഴിഞ്ഞിട്ടും ഡാറ്റാ ബാങ്ക് ഉണ്ടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.
2. ഗ്രാമ.പഞ്ചായത്ത് പ്രസിഡൻറ് ചെയർമാനുംകൃഷി ഓഫീസർ കൺവീനറായിട്ടുള്ള ലോക്കൽ ലെവൽ കമ്മിറ്റിയുടെ 12/08/2008 മുതലുള്ള പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് (വിവിധ കാലയളവിലെ അംഗങ്ങളുടെ പേര് വിവരം സഹിതം) എന്നിവ ഓഡിറ്റിന് നൽകേണ്ടതാണ്.
3. ഇതുവരെ അനധികൃതമായ എത്ര നികത്തലുകൾക്കെതിരെ ലോക്കൽ ലെവൽ കമ്മിറ്റി നടപടിയെടുത്തു എന്നതിന്റെ രേഖ ഓഡിറ്റിന് നല്കുക.
4. ലോക്കൽ ലെവൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ വെറുതെ കിടന്ന എത്ര ഏക്കർ നെൽവയലുകൾ കൃഷിയോഗ്യമാക്കാൻ നടപടിയെടുത്തിട്ടുണ്ട് എന്നതിന്റെ രേഖ ഓഡിറ്റിന് നല്കുക.
5. 2015 ലെ കേരള ധനകാര്യ(2ാം ആക്ട്)പ്രകാരം (01/04/2015 മുതൽ പ്രാബല്യം) (ജി.ഒ(പി) 611/15/ആർ.ഡി

തിയ്യതി 17/11/2015) 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ 3-എ എന്ന വ്യവസ്ഥ ഉൾപ്പെടുത്തി .അതുപ്രകാരം 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം (12/08/2008 മുതൽ പ്രാബല്യം) നിലവിൽ വരുന്നതിന് മുമ്പുള്ള നെൽവയലിന്റെ പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ക്രമവത്ക്കരിക്കുന്നതിനുള്ള അധികാരം ജില്ലാകളക്ടറുടേതാണ്.എന്നാൽ താഴെപ്പറയുന്ന അപേക്ഷകളിൽ മേൽ വ്യവസ്ഥക്ക് വിരുദ്ധമായി സെക്രട്ടറി,കൃഷി ഓഫീസർ,വില്ലേജ് ഓഫീസർ ,അസി.എഞ്ചീനിയർ എന്നിവർ വിവിധ തിയ്യതികളിലായി മീറ്റിംഗ് നടത്തി വീട് നിർമ്മാണത്തിന് അനുമതി നല്കിയത്. (നെൻമേനി പഞ്ചായത്തിന്റെ നിലം നികത്ത് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ റവന്യൂരേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയ പേജ് നം 49 മുതൽ 53 വരെ 15 അപേക്ഷകർക്ക് കെട്ടിടനിർമ്മാണത്തിന് അനുമതി നല്കിയിട്ടുണ്ട്). എതാനും ഉദാ. താഴെകൊടുക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | നിലം പരിശോധന കമ്മിറ്റി തീരുമാന തിയ്യതി |
|---|---|---|
| 1 | യൂസഫ് കെ.കൊറ്റൻകോടൻ,ഗോവിന്ദമൂല | 30.06.15 |
| 2 | ബിജു,മലേപ്പിള്ളിൽ,കോളിയാടി | 31.07.15 |
| 3 | സുചിത്ര, രമണീയം,തൊവാരി മല | 02/12/15 |
| 4 | പി.കെ മുഹമ്മദ്,പൂക്കിലാട് | ,, |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 04 /15-16/10.11.16 ന് മറുപടി ലഭ്യമാക്കേണ്ടതും നിയമാനുസൃതമല്ലാതെ നല്കിയ കെട്ടിട നിർമ്മാണ അനുമതി (മേൽ പരാമർശിച്ച രജിസ്റ്ററിലെ പേജ് നം 49 മുതൽ 53 വരെ 15 അപേക്ഷകർക്ക് നല്കിയ കെട്ടിടനിർമ്മാണത്തിന് അനുമതി)റദ്ദാക്കേണ്ടതുമാണ്.

## 2-4 തൊഴിൽനികുതി പരിശോധന സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ അറിയിക്കുന്നു.

1. തൊഴിൽനികുതി വരവ് വാർഷിക കണ്ണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | രജിസ്റ്റർ പ്രകാരമുള്ള തൊഴിൽനികുതി വരവ് | വാർഷിക കണ്ണക്ക് പ്രകാരമുള്ള തൊഴിൽനികുതി വരവ് |
|---|---|---|
| 1 | ജീവനക്കാർ-1073830/- | 10,64,190/- |
| 2 | ട്രേഡേഴ്സ്-കറൻറ്-211880/-<br>ട്രേഡേഴ്സ്-കുടിശ്ശിക-6250/- | 2,05,850/-<br>8,650/- |

മേൽ വ്യതിയാനത്തിന് വിശദീകരണം നൽകേണ്ടതാണ്.

2. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി )ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ഡിമാന്റ് പുരോഗതി വിലയിരുത്തുന്നതിനായി പഞ്ചായത്തും തൊഴിലുടമയും സൂക്ഷിക്കുന്ന V ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്റർ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തൊഴിലുടമ സൂക്ഷിക്കുന്ന രജിസ്റ്ററിന്റെ കൃത്യത ഓരോ അർദ്ധവർഷാവസാനവും സെക്രട്ടറി ഉറപ്പുവരുത്തുന്നുണ്ടോയെന്നും അറിയിക്കേണ്ടതാണ്.

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽനികുതി ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സഹ്യ ആയുർവേദിക് ഹോസ്പിറ്റൽ |

| | |
|---|---|
| | (ഡോ.ഷറഫുദീൻ,മഞ്ഞപ്പാറ) |
| 2 | ആരോഗ്യ ഹോമിയോപതിക് സ്പെഷ്യാലിറ്റി ക്ലിനിക്ക് (ഡോ.അരുൺകുമാർ . ടി) |

ആയതിന് വിശദീകരണം നൽകേണ്ടതാണ്.

4. 1996 ലെ കേ.പ.രാജ് ആക്ട് സെക്ഷൻ 205(ബി) പ്രകാരം തൊഴിൽനികുതി നിർണ്ണയിക്കുന്നതിലേയ്ക്കായി

- 2015-16 വർഷത്തിൽ കെട്ടിടനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്നനിലയിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടുണ്ടോ ? ആയതിന് എത്ര ആളുകൾ മറുപടി നല്കിയിട്ടുണ്ട്?
- മറുപടിയുടെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കപ്പെട്ട സ്ഥാപനങ്ങളുടെ /ആളുകളുടെ എണ്ണമെത്ര?
- നിലവിൽ പഞ്ചായത്തിൽ ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന 1998 കെട്ടിടങ്ങളിൽ(15/11/16 ലെ കണക്ക് വച്ച്) അവ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടുണ്ടോ? ആയതിന് എത്ര ആളുകൾ മറുപടി നല്കിയിട്ടുണ്ട്?
- മറുപടിയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കപ്പെട്ട സ്ഥാപനങ്ങളുടെ/ആളുകളുടെ എണ്ണമെത്ര? 1996 ലെ കേ.പ.രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും )ചട്ടങ്ങൾ സെക്ഷൻ 5 പ്രകാരം നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അസ്സസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയതിനാൽ പഞ്ചായത്തിൽ ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിൽ അവ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കി ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ/ആളുകളുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യേണ്ടതാണ്. ആയത് നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് നൽകേണ്ടതാണ്.

- 2015-16 ലേക്ക് D&O ലൈസൻസ് എടുത്ത 397 സ്ഥാപനങ്ങളിൽ 1996 ലെ കേ.പ.രാജ് ആക്ട് സെക്ഷനുകൾ 205(ബി) മുതൽ 205 (എഫ്) പ്രകാരവും 1996 കേ.പ.രാ തൊഴിൽനികുതി ചട്ടങ്ങൾ ചട്ടം 10, 13 എന്നിവ പ്രകാരം നോട്ടീസ് നല്കിയ സ്ഥാപനങ്ങളുടെ എണ്ണമെത്ര? ഇതേചട്ടപ്രകാരം റിട്ടേൺ സമർപ്പിച്ച സ്ഥാപനങ്ങളുടെ എണ്ണമെത്ര ? സമർപ്പിക്കാത്ത സ്ഥാപനങ്ങളുടെ എണ്ണമെത്ര ?

ഇവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ഓഡിറ്റിന് നൽകേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 9 /15-16/16.11.16 ന് മറുപടി ലഭിച്ചില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമ പഞ്ചായത്തിന്റെ മിനുട്സ് പുസ്തകം യഥാസമയം ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ മിനുട്സ് പുസ്തകം പരിശോധിച്ചതിൽ മിക്ക സന്ദർഭങ്ങളിലും യോഗാവസാനമോ തീരുമാനങ്ങൾക്ക് ശേഷമോ അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി മിനുട്സ് പുസ്തകം ആധികാരികമാക്കിയിയിരുന്നില്ല. യോഗതിയ്യതിയിൽതന്നെ തീരുമാനങ്ങളുടെ ഡ്രഫ്റ്റ് കരട് തീരുമാനങ്ങളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതായി കാണുന്നില്ല. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | യോഗതിയ്യതി | മിനുട്സ് വോള്യം/ പേജുകൾ | കുറിപ്പുകൾ |
|---|---|---|---|
| 1 | 07/4/2015 | 44/260-274 | ഒപ്പിട്ടിട്ടില്ല. |

| | | | |
|---|---|---|---|
| 2 | 4/5/2015 | 44/275-280 | -ടി- |
| 3 | 14/5/2015 | 44/281-283 | -ടി- |
| 4 | 8/6/2015 | 44/284-286 | -ടി- |
| 5 | 24/6/2015 | 44/287-291<br>45/03-04 | -ടി- 44ൽ292-300 ക്യാൻസൽ ചെയ്തു. |
| 6 | 23/7/2015 | 45/05-11 | ഒപ്പിട്ടു. |
| 7 | 17/8/2015 | 45/12-15 | ഒപ്പിട്ടു. |
| 8 | 26/8/2015 | 45/16-34 | -ടി- |
| 9 | 16/9/2015 | 45/35-132 | -ടി- 4ൽ133-300ക്യാൻസൽചെയ്തു വോള്യം 46ൽ 2-13ക്യാൻസൽചെയ്തു. ബാക്കി ഒന്നും രേഖപ്പെടുത്തിയിട്ടില്ല. |
| 10 | 3/12/2015 | 47/2-4 | ഒപ്പിട്ടിട്ടില്ല |
| 11 | 21/12/2015 | 47/5-12 | -ടി- |
| 12 | 30/1/2016 | 47/13-21 | -ടി- |
| 13 | 22/2/2016 | 47/22-87 | -ടി- |
| 14 | 4/3/2016 | 47/88-89 | ഒപ്പിട്ടിട്ടില്ല. 2016-17ബജറ്റ് പാസാക്കിയതായി രേഖപ്പെടുത്തിയ യോഗം. |
| 15 | 10/3/2016 | 47/90-94 | ഒപ്പിട്ടിട്ടില്ല |
| 16 | | | തുടർന്നിങ്ങോട്ട് നടന്ന ഒരു യോഗത്തിനുശേഷവും ഒപ്പിട്ടിട്ടില്ല. |

ഓഡിറ്റ് എൻക്വയറി.നം. 15/2015-16/04.11.2016 മുഖേന അപാകതകൾ ചൂണ്ടിക്കാണിച്ചതിൽ അവ പരിഹരിച്ച് അദ്ധ്യക്ഷന്റെ ഒപ്പ് രേഖപ്പെടുത്തി മിനട്സ് പുസ്തകം ആധികാരികമാക്കി 08.11.2016ന്ഓഡിറ്റിന് ഹാജരാക്കി. ഗൗരവതരമായ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ദർഘാസ് പത്രപരസ്യം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് 2015-16 വർഷം ദർഘാസ് പരസ്യം ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നം., തീയ്യതി | ദിനപത്രം | ഇൻവോയിസ് നമ്പർ | പരസ്യത്തിന്റെ വലിപ്പം | തുക |
|---|---|---|---|---|---|
| 1 | 21501397/31.3.16 | മലയാള മനോരമ | 215729801/5.2.16 | 8x6 | 4752 |
| 2 | 21501397/31.3.16 | മലയാള മനോരമ | 215520844/5.2.16 | 3.8x7 | 2633 |
| 3 | 21501398/31.3.16 | ദേശാഭിമാനി | 1660614/26.2.16 | 7 x2 | 2800 |
| 4 | 21501398/31.3.16 | ദേശാഭിമാനി | 166061 A/14.1.16 | 6 x2 | 2400 |
| 5 | 21501398/31.3.16 | ദേശാഭിമാനി | 166061/28.12.15 | 2 x2 | 2400 |
| 6 | 21501398/31.3.16 | ദേശാഭിമാനി | 1660614/14.12.15 | 7 x2 | 2800 |
| 7 | 21501399/31.3.16 | ഇൻഡ്യൻ എക്സ്പ്രസ്സ് | 500124/5.1.16 | 8x5 | 6000 |
| 8 | 21501400/31.3.16 | മാതൃഭൂമി | 60704652/28.9.15 | 8 X7 | 5320 |
| 9 | 21501400/31.3.16 | മാതൃഭൂമി | 60704652/28.9.15 | 8 X7 | 5320 |
| 10 | 21501400/31.3.16 | മാതൃഭൂമി | 60704349/27.9.15 | 8 X6 | 4560 |
| 11 | 21501400/31.3.16 | മാതൃഭൂമി | 6070956/4.9.15 | 8 X5 | 3800 |
| 12 | 21501400/31.3.16 | മാതൃഭൂമി | 60692311/9.9.15 | 8 X6 | 4560 |
| 13 | 21501400/31.3.16 | മാതൃഭൂമി | 60741044/27.11.15 | 8 X5 | 3800 |
| 14 | 21501400/31.3.16 | മാതൃഭൂമി | 60701062/22.9.15 | 8 X6 | 4560 |
| 15 | 21501400/31.3.16 | മാതൃഭൂമി | 60693677/28.9.15 | 8 X5 | 3800 |
| 16 | 21501400/31.3.16 | മാതൃഭൂമി | 60795739/18.2.16 | 8 X8 | 6080 |
| 17 | 21501400/31.3.16 | മാതൃഭൂമി | 60790114/19.2.16 | 8 X8 | 6080 |
| 18 | 21501400/31.3.16 | മാതൃഭൂമി | 60787953/6.2.16 | 8 X6 | 4560 |
| 19 | 21501400/31.3.16 | മാതൃഭൂമി | 60766396/3.1.16 | 8 X6 | 4560 |

01.01.2004 - ലെ ജി.ഒ. (പി) 01/04/ഐ ആന്റ് പി.ആർ പ്രകാരം ദർഘാസ് പരസ്യങ്ങൾ മൂന്ന് സെന്റീമീറ്റർ x രണ്ട് കോളം വലിപ്പത്തിലുള്ള വിൻഡോ പരസ്യങ്ങളായാണ് പത്രങ്ങളിൽ പ്രസിദ്ധീകരി ക്കേണ്ടത്. ഇതിന് പുറമേ 04.01.2011 - ലെ ജി.ഒ. (ആർ.ടി.) 01/2011/ പി ആന്റ് എ.ആർ.ഡി പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടും ഉറപ്പ് വരുത്തേണ്ടതാണ്. മേൽപ്പറഞ്ഞസർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായിക്കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-18/15-16/16.11.16 ന് മറുപടി നൽകിയിട്ടില്ല.

## 3-3 ഫയലുകൾ ഹാജരാക്കാത്തത്

2015-16 വർഷത്തിൽ സെക്രട്ടറി നടത്തിയ വിവിധ ചെലവുകൾ സംബന്ധിച്ച് ഫയലുകൾ ലഭിക്കാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 298/2016 | ഗ്രാമ കേന്ദ്രങ്ങൾക്ക് പ്രവർത്തന സൌകര്യം ,ഫർണ്ണിച്ചർ ലഭ്യമാക്കൽ | 3,55,317 |
| 494/2016 | ഇഎംഎസ് ഭവന വായ്പ തിരിച്ചടവ് | 22,91,261 |

| | | |
|---|---|---|
| | ജനറൽ | |
| 495/2016 | ഐ എ വൈ ഭവനം TSP | 12,18,283 |
| 504/2016 | ഇഎംഎസ് ഭവന വായ്പ തിരിച്ചടവ് TSP | 24,11,870 |
| 505/2016 | ഐ കെ എം വിഹിതം | 1,28,982 |
| 506/2016 | ഐ എ വൈ ഭവനം SCP | 8,68,305 |
| 507/2016 | ഐ എ വൈ ഭവനം TSP | 32,85,000 |
| 212/2016 | മീഡിയ ശ്രീ | 65,000/- (മീഡിയ ശ്രീ) പദ്ധതിയുടെ ബിൽ മാത്രമേ ലഭിച്ചിട്ടുള്ളൂ. (ആർക്ക് നൽകി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന വിവരങ്ങൾ ലഭിച്ചിട്ടില്ല) |
| | ആകെ | 1,06,24,018 |

2015-16 വർഷത്തിൽ സെക്രട്ടറി നടത്തിയ വിവിധ ചെലവുകൾ സംബന്ധിച്ച് ഫയലുകൾ ഹാജരാക്കാത്തതിനാൽ 1,06,24,018/- രൂപ ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു

## 3-4 ഗുണഭോക്തൃസമിതി പ്രവൃത്തികൾ-മാനദണ്ഡങ്ങൾ പാലിച്ചില്ല.

തൻവർഷം പഞ്ചായത്തിൽ നടപ്പാക്കിയ ഗുണഭോക്തൃസമിതി പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവൃത്തി നടപ്പാക്കിയതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സബ്സിഡി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)248/2012/ത.സ്വ.ഭ.വ, 29.09.2012) ഖണ്ഡിക 7.11.6 പ്രകാരം ഗുണഭോക്തൃസമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും ഗുണഭോക്തൃ പ്രദേശത്തെ അംഗങ്ങളാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഈ നിബന്ധന പാലിച്ചിട്ടില്ല. ഇതിനുപുറമേ പ്രവൃത്തി നിർവ്വഹണത്തിന്റെ രേഖകൾ പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ താഴെ പറയുന്നു.

1. മിനുട്ട്സ് ബുക്ക് : ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്നതായി കാണുന്നില്ല. ബാങ്കിൽ നിന്ന് എത്ര രൂപ പിൻവലിക്കണം, സാധനങ്ങൾ ഏത് നിരക്കിൽ എവിടെ നിന്ന് വാങ്ങണം, എത്ര തൊഴിലാളികളെ നിയോഗിക്കണം ഉടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല.
2. മസ്റ്റർറോൾ : മസ്റ്റർറോളികളിൽ തൊഴിലാളികൾ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർറോളിൽ തൊഴിലാളികൾ തീയതിവെച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. തീയതിവെച്ച് ഒപ്പിടാത്ത മസ്റ്റർറോളുകൾ അസാധുവാണ്.
3. ബാങ്ക് അക്കൗണ്ട് : മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതിയുടെ പണമിടപ്പാടുകൾ ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് വഴി ആയിരിക്കണം. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച ഗുണഭോക്തൃസമിതി വർക്കുകളുടെ ഫയലുകളിൽ ഒന്നും ബാങ്ക് അക്കൗണ്ടിന്റെ രേഖയില്ല (ബാങ്ക് പാസ്സ് ബുക്ക്).
4. വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.
5. ദൈനംദിന ഡയറി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
6. വൗച്ചറുകളിൽ ചെയർമാൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയങ്ങൾക്ക് വിശദീകരണവും അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയതും ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി.നം. 7/15-16, തീയ്യതി 11.11.2016 പ്രകാരം ആവശ്യപ്പെട്ടതിന് പ്രോജക്ടുകളുടെ ആധിക്യം മൂലം ശ്രദ്ധിക്കാൻ കഴിയാത്തതാണെന്നും ഭാവിയിൽ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-5 വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ -കരാറുകാരൻ കരാർ ചമക്കാൻ കാലതാമസം വന്നു-നടപടി സ്വീകരിച്ചില്ല .

താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ഉറപ്പിച്ചുകഴിഞ്ഞ് നിയമപ്രകാരമുള്ള സമയത്തിനുള്ളിൽ കരാർവെച്ചിട്ടില്ല. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14ദിവസത്തിനുള്ളിൽ പിഴ ഇല്ലാതെയും തുടർന്ന് വരുന്ന 10ദിവസത്തിനുള്ളിൽ PAC യുടെ 1%(minimum Rs1,000- maximum 25,000) പിഴയോടുകൂടി കരാറുടമ്പടി വെയ്ക്കാം. 14ദിവസവും പിഴയോട് കൂടിയ 10ദിവസവും കഴിഞ്ഞും കരാറുടമ്പടി വച്ചില്ലെങ്കിൽ കരാർ റദ്ദാക്കി തൊട്ടടുത്ത കരാറുകാരനോട് എഗ്രിമെന്റ് വെക്കേണ്ടതാണ്.

| പ്രോജക്ടിന്റെ പേര് | നിർവ്വഹണം | അടങ്കൽ | ചെലവ് | അളവ് പുസ്തകം | കരാറുകാരൻ | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് തീയതി | കരാർ നമ്പർ | വൗച്ചർ നമ്പർ, തീയതി |
|---|---|---|---|---|---|---|---|---|---|
| മലങ്കര കന്താണി റോഡ് ടാറിംഗ് | അസി. എഞ്ചിനീയർ | 100000 | 100000 | 459/15-16 | ഷൈബ്യ.വി.വി | 4.8.15 | 11.8.15 | 185/ 15-16/ 25.11.15 | 262/ 15-16/ 31.3.16 |
| മംഗലംകാർപ്പ് വൽസ വീടിന് സമീപം റോഡ് ടാറിംഗ് | -ടി- | 200000 | 200000 | 551/15-16 | അജാമളൻ | 12.8.15 | 18.8.15 | 110/ 15-16/ 18.9.15 | 261/ 15-16/ 31.3.16 |
| മഞ്ഞാടി -റാട്ടക്കുണ്ട് റോഡ് ടാറിംഗ് | -ടി- | 450000 | 450000 | 494/15-16 | ടി.വി.മത്തായി | 12.8.15 | 20.8.15 | 171/ 15-16/ 6.11.15 | 243/ 15-16/ 31.3.16 |
| മഞ്ഞക്കുന്ന് തവനി റോഡ് ടാറിംഗ് | -ടി- | 200000 | 200000 | 552/15-16 | അജാമളൻ | 12.8.15 | 18.8.15 | 109/ 15-16/ 18.9.15 | 260/ 15-16/ 31.3.16 |
| എബനേസർ റോഡ് ബാക്കി ഭാഗം ടാറിംഗ് | -ടി- | 300000 | 300000 | 500/15-16 | ജാബിർ.കെ | 12.8.15 | 18.8.15 | 108/ 15-16/ 18.9.15 | 222/ 15-16/ 31.3.16 |
| അമ്പുകുത്തി സ്കൂൾ-വലിയമൂല റോഡ് ടാറിംഗ് | -ടി- | 200000 | 200000 | 525/15-16 | ജാബിർ.കെ | 12.8.15 | 11.8.15 | 104/ 15-16/ 18.9.15 | 220/ 15-16 /31.3.16 |
| പാടിപറമ്പ് വയൽ റോഡ് ടാറിംഗ് | -ടി- | 200000 | 200000 | 495/15-16 | ജാബിർ.കെ | 12.8.15 | 11.8.15 | 106/ 15-16/ 18.9.15 | 219/ 15-16/ 31.3.16 |
| പാടിപറമ്പ് നാല് സെന്റ് കോളനി വേലായുധൻ വീടിന് സമീപം റോഡ് ടാറിംഗ് | -ടി- | 150000 | 150000 | 517/15-16 | പി.കെ.ബാലകൃഷ്ണൻ | 12.8.15 | 18.8.15 | 117/ 15-16/ 25.9.15 | 214/ 15-16/ 30.3.16 |
| ചുള്ളിയോട് പി.എച്ച്.സി. റോഡ് റീടാറിംഗ് | -ടി- | 200000 | 200000 | 387/15-16 | കെ.എം.അസീസ് | 15.9.15 | 22.9.15 | 178/ 15-16/ 11.11.15 | 191/ 15-16/ 30.3.16 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| കരടിപ്പാറ മുയൽ വയൽ റോഡ് ടാറിംഗ് | -ടി- | 200000 | 200000 | 516/15-16 | പി.കെ.ബാലകൃഷ്ണൻ | 12.8.15 | 18.8.15 | 118/ 15-16/ 25.9.15 | 186/ 15-16/ 30.3.16 |
| തൊവരിമല ലക്ഷം വീട് കോളനി റോഡ് ടാറിംഗ് | -ടി- | 300000 | 300000 | 518/15-16 | പി.കെ.ബാലകൃഷ്ണൻ | 4.8.15 | 11.8.15 | 116/15-16 /25.9.15 | 185/ 15-16/ 30.3.16 |
| വല്ലത്തൂർ റോഡ് റീടാറിംഗ് | -ടി- | 200000 | 200000 | 534/15-16 | കെ.കെ. നിഷാദ് | 12.8.15 | 18.8.15 | 99/ 15-16/ 18.9.15 | 182/ 15-16/ 28.3.16 |
| കല്ലുമുക്ക് നമ്പിക്കൊല്ലി റോഡ് റീടാറിംഗ് | -ടി- | 450000 | 449964 | 389/15-16 | സി.കെ.സോജൻ | 21.8.15 | 27.8.15 | 188/ 15-16/ 25.11.15 | 175/ 15-16/ 29.3.16 |
| കണ്ണിവട്ടം പണിക്കരുപടി റോഡ് റീടാറിംഗ് | -ടി- | 250000 | 250000 | 544/15-16 | എം.ജി.മനോജ് | 12.8.15 | 18.8.15 | 51/ 15-16/ 8.9.15 | 166/ 15-16/ 28.3.16 |
| മാടക്കര മദ്രസ റോഡ് ടാറിംഗ് | -ടി- | 100000 | 100000 | 442/15-16 | സി.കെ.സോജൻ | 12.8.15 | 18.8.15 | 186/ 15-16/ 25.11.15 | 154/ 15-16/ 28.3.16 |
| മാക്കുറ്റി ചേലക്കോത്ത് റോഡ് ടാറിംഗ് | -ടി- | 150000 | 150000 | 425/15-16 | മുസ്തഫ | 12.8.15 | 18.8.15 | 40/ 15-16/ 4.9.15 | 153/ 15-16/ 28.3.16 |
| ദുബായിക്കവല കണ്ടംപുലി ക്ഷേത്രം റോഡ് ടാറിംഗ് | -ടി- | 200000 | 200000 | 441/15-16 | മുസ്തഫ | 4.8.15 | 11.8.15 | 33/ 15-16/ 4.9.15 | 151/ 15-16/ 28.3.16 |
| മുണ്ടക്കൊല്ലി പണിയകോളനി റോഡ് ടാറിംഗ് | -ടി- | 150000 | 150000 | 402/15-16 | മുസ്തഫ | 12.8.15 | 18.8.15 | 41/ 15-16/ 4.9.15 | 150/ 15-16/ 28.3.16 |
| പുളിഞ്ചാൽ ജനശ്രീ റോഡ് ബാക്കി ഭാഗംറോഡ് ടാറിംഗ് | -ടി- | 300000 | 300000 | 401/15-16 | കെ.എം.അസീസ് | 12.8.15 | 19.8.15 | 172/ 15-16/ 11.11.15 | 146/ 15-16/ 28.3.16 |
| നമ്പ്യാർകുന്ന് പൂളക്കുണ്ട് റോഡ് റീ ടാറിംഗ് | -ടി- | 480000 | 479611 | 401/15-16 | കെ.എം.അസീസ് | 21.8.15 | 27.8.15 | 176/ 15-16/ 11.11.15 | 145/ 15-16/ 28.3.16 |
| നൂൽക്കുന്ന് നായർമുക്ക് റോഡ് ടാറിംഗ് | -ടി- | 300000 | 300000 | 445/15-16 | കെ.എം.അസീസ് | 4.8.15 | 11.8.15 | 177/ 15-16/ 11.11.15 | 141/ 15-16/ 28.3.16 |
| നമ്പ്യാർകുന്ന് പൂളക്കുണ്ട് റോഡ് ടാറിംഗ് | -ടി- | 250000 | 250000 | 427/15-16 | കെ.എം.അസീസ് | 15.9.15 | 21.9.15 | 179/ 15-16/ 11.11.15 | 137/ 15-16/ 28.3.16 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| കല്ലിൻകര സ്കൂൾ റോഡ് ടാറിംഗ് | -ടി- | 200000 | 200000 | 412/15-16 | കെ.എം.അസീസ് | 4.8.15 | 11.8.15 | 175/ 15-16/ 11.11.15 | 124/ 15-16/ 18.3.16 |

തൻവർഷം ടെണ്ടർ നടത്തിയ ഫയലുകളിൽ ടെണ്ടർ ഫോറങ്ങളൊന്നും തന്നെ നിർവഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ച പ്രവൃത്തികളിൽ എഗ്രിമെന്റ് വെക്കാൻ കാലതാമസം വന്നതിന് നിയമാനുസൃതമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി.നം. 8/15-16 ,തീയ്യതി 11.11.2016 പ്രകാരം അറിയിച്ചതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 3-6 പഞ്ചായത്തിന് വിട്ടുകിട്ടാത്ത സ്ഥാപനങ്ങൾക്ക് തുക ചെലവഴിച്ചത്.

2015-16വർഷം പഞ്ചായത്തിന് വിട്ടുകിട്ടാത്ത സ്ഥാപനങ്ങൾക്ക് വേണ്ടി താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | നിർവഹണം | ഫണ്ട് | ചെലവഴിച്ച തുക | വൗച്ചർ നമ്പർ |
|---|---|---|---|---|---|
| 252/16 | പൗർണമി എ.ഡി.എസ്.ഭവൻ റിപ്പയർ | അസി. എഞ്ചിനീയർ | മെയിന്റനൻസ് ഫണ്ട് റോഡിതരം | 1,94,373 | 123/15-16 /18.3.16 |
| 477/16 | ചീരാൽ എൻ.ആർ.എച്ച്.എം-ആശുപത്രി കെട്ടിടം പൂർത്തീകരണം | അസി. എഞ്ചിനീയർ | വികസനഫണ്ട്. ലോകബാങ്ക് ധനസഹായം | 4,88,018 | 127/15-16 /18.3.16 268/15-16 /31.3.16 |
| 55/15-16 | വെണ്ടേൽ കോളനി സാംസ്കാരികനിലയം റിപ്പയർ | അസി. എഞ്ചിനീയർ | മെയിന്റനൻസ് ഫണ്ട് റോഡിതരം | 1,50,000 | 55/15-16 /28.12.15 |
| 245/15-16 | ചുള്ളിയോട് ടൗൺ ഓപ്പൺസ്റ്റേജ് നവീകരണം | | തനതുഫണ്ട് | 1,88,386 | 113/15-16 /29.3.16 |
| 374/16 | ഈസ്റ്റ് ചീരാൽ സ്റ്റേഡിയം സൈഡ് ഭിത്തി നിർമ്മാണം | അസി. എഞ്ചിനീയർ | മെയിന്റനൻസ് ഫണ്ട് റോഡിതരം | 2,98,772 | `106/15-16 /27.2.16 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ആസ്തികളായി ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല. മേൽപ്പറഞ്ഞ പ്രവത്തികൾക്ക് ഭൂമി വിട്ടുകിട്ടിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികൾക്കല്ലാതെ, ഭൂമിപോലും വിട്ടുകിട്ടാതെ തുക ചെലവഴിച്ചത് അനുവദനീയമല്ല. മേൽസ്ഥാപനങ്ങളുടെ ഉടമസ്ഥത സംബന്ധിച്ച രേഖകളും ആവശ്യമായ വിശദീകരണങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ-11/15-16/16.11.16 പ്രകാരം ആവശ്യപ്പെട്ടതിന് ആസ്തിരജിസ്റ്റർ കാലികമാക്കുമ്പോൾ വിവരങ്ങൾ ഉൾപ്പെടുത്തുന്നതാണ് എന്നാണ് മറുപടി നൽകിയത്. മറുപടി തൃപ്തികരമല്ല. 13,19,549/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 സ്ഥലം വിട്ടുകിട്ടാതെ റോഡ് നിർമ്മാണപ്രവൃത്തികൾ നടപ്പാക്കി

തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് ഫോർമേഷൻ പ്രവത്തികളിൽ സ്ഥലം വിട്ടുകിട്ടിയതായി രേഖകൾ വെച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | നിർവഹണം | ഫണ്ട് | ചെലവഴിച്ച തുക | വൗച്ചർ നമ്പർ |
|---|---|---|---|---|---|
| 190/16 | ഐശ്വര്യക്കവല തണ്ണിച്ചോല റോഡ് ഫോർമേഷൻ | അസി. എഞ്ചിനീയർ | ഫിനാൻസ് കമ്മീഷൻ | 1,50,000 | 256/15-16 /31.3.16 |
| 64/16 | മംഗലംകാർപ്പ് കൊല്ലി റോഡ് ഫോർമേഷൻ | അസി. എഞ്ചിനീയർ | മെയിന്റനൻസ് ഫണ്ട് റോഡ് | 1,96,724 | 158/15-16 /28.3.16 |

ഭൂമി വിട്ടുകിട്ടിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ-11/15-16 /16.11.16 ആവശ്യപ്പെട്ടതിന് ആസ്തിരജിസ്റ്റർ കാലികമാക്കുമ്പോൾ വിവരങ്ങൾ ഉൾപ്പെടുത്തുന്നതാണ് എന്നാണ് മറുപടി നൽകിയത്. മറുപടി തൃപ്തികരമല്ല. 3,46,724/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ചള്ളുവോട് അമ്പലം റോഡ് സോളിംഗ്-അപാകങ്ങൾ

2015-16വർഷം നടപ്പാക്കിയ ചള്ളുവോട് അമ്പലം റോഡ് സോളിംഗ് പ്രവൃത്തിയിൽ തുക അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 434/16 |
| പ്രോജക്ട് | ചള്ളുവോട് അമ്പലം റോഡ് സോളിംഗ് |
| നിർവഹണം | അസി.എഞ്ചിനീയർ |
| വൗച്ചർ നമ്പർ, തീയതി | 28/15-16/30.9.15 |
| ചെലവഴിച്ച തുക | 2,00,000 |
| അളവുപുസ്തകം | 115/15-16 |
| കൺവീനർ | ശ്രീ. സുലൈമാൻ |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 207 മീറ്റർ റോഡ് സോളിംഗും 25 മീറ്റർ സൈഡ് കെട്ടി കോൺക്രീറ്റ് ചെയ്യുകയുമാണ് ചെയ്യേണ്ടത്. എസ്റ്റിമേറ്റ് ഐറ്റം നമ്പർ 3 ആയി റോഡരികിൽ 3 m വീതിയിൽ റോഡ് വേയിൽ 91 m നീളത്തിലും .5 m വീതിയിൽ 64 m നീളത്തിലും 0.5 m വീതിയിൽ25 m നീളത്തിലും മണ്ണ് എടുത്തുമാറ്റിയതായാണ് അളവുപുസ്തകത്തിൽ രേഖപ്പടുത്തിയിരിക്കുന്നത്.എസ്റ്റിമേറ്റ് ഐറ്റം നമ്പർ 1 പ്രകാരം റോഡ് വേ ഉടനീളം മെറ്റലിംഗ് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ ഖണ്ഡിക 14.6.3.(ഐ)പ്രകാരം മെറ്റലിംഗ് വർക്കുകളിൽ റോഡിന്റെ ഷോൾഡർ ഒരു മീറ്റർ ദൂരം വരെ വെള്ളമൊഴുകിപോകും വിധം റോഡിന്റെ പാർശ്വങ്ങൾ സെക്ഷനിംഗ്/ഒരുക്കുന്ന ജോലിയും മെറ്റലിംഗ് വർക്കിന്റെ ഭാഗമാണ്. ആ സ്ഥിതിക്ക് എസ്റ്റിമേറ്റ് ഐറ്റം നമ്പർ 3ആയി റോഡരികിൽ മണ്ണ് എടുത്തുമാറ്റിയ159.09 m3 മണ്ണിന് 1452/10m3 നിരക്കിൽ 23099.87 രൂപ നൽകിയ നടപടി ശരിയല്ല. (M.Book page-10) . കൺവീനർ ഹാജരാക്കിയ രേഖകളിലൊന്നും മണ്ണ് മാറ്റുന്നതിന് തുക ചെലവഴിച്ചിട്ടില്ല. കൺവീനറുടെ മിനട്സ് പ്രകാരമുള്ള കണക്കുകളിൽ ഈയിനത്തിൽ തുക ചെലവഴിച്ചതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറി നമ്പർ-12/15-16/16.11.16 പ്രകാരം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് മണ്ണ് മാറ്റുന്ന പ്രവൃത്തി നടത്തിയതാണെന്നും രേഖകൾ ഇനി മുതൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു. മറുപടി അംഗീകരിക്കാനാവില്ല. കൺവീനറുടെ കണക്കുകളിലില്ലാതെ തുക അനുവദിച്ചത് അനുവദിക്കാനാവില്ല. 23,099/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 മുത്താച്ചിക്കുനി ഓടമൂല-പൂളക്കര റോഡ് സോളിംഗ് ,കോൺക്രീറ്റ്-അപാകങ്ങൾ

2015-16വർഷം നടപ്പാക്കിയ മുത്താച്ചിക്കുനി ഓടമൂല-പൂളക്കര റോഡ് സോളിംഗ്, കോൺക്രീറ്റ് പ്രവൃത്തിയിൽ തുക അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 364/16 |
| പ്രോജക്ട് | മുത്താച്ചിക്കുനി ഓടമൂല-പൂളക്കര റോഡ് സോളിംഗ്, കോൺക്രീറ്റ് |
| നിർവഹണം | അസി.എഞ്ചിനീയർ |
| വൗച്ചർ നമ്പർ, തീയതി | 10/15-16/22.7.15 |
| | 23/15-16/16.9.15 |
| | 29/15-16/16.9.15 |
| ചെലവഴിച്ച തുക | 4,00,000/- |
| അളവുപുസ്തകം | 280/14-15 |
| കൺവീനർ | ശ്രീ. എൽദോ മത്തായി |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 240 മീറ്റർ റോഡ് സോളിംഗും 50 മീറ്റർ കോൺക്രീറ്റ് ചെയ്യുകയുമാണ് ചെയ്യേണ്ടത്. എസ്റ്റിമേറ്റ് ഐറ്റം നമ്പർ 5 ആയി റോഡരികിൽ 3 m വീതിയിൽ റോഡ് വേയിൽ 97.6 നീളത്തിൽ മണ്ണ് എടുത്തുമാറ്റി മിനിമം ദൂരം ലോറിയിൽ കൊണ്ടുപോയിക്കളഞ്ഞതായാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ് ഐറ്റം നമ്പർ 3 പ്രകാരം റോഡ് വേയിൽ 57.55 മീ.ദൂരം മെറ്റലിംഗ് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ ഖണ്ഡിക 14.6.3.(ഐ)പ്രകാരം മെറ്റലിംഗ് വർക്കുകളിൽ റോഡിന്റെ ഷോൾഡർ ഒരു മീറ്റർ ദൂരം വരെ വെള്ളമൊഴുകിപോകും വിധം റോഡിന്റെ പാർശ്വങ്ങൾ സെക്ഷനിംഗ് /ഒരുക്കുന്ന ജോലിയും മെറ്റലിംഗ് വർക്കിന്റെ ഭാഗമാണ്. ആ സ്ഥിതിക്ക് എസ്റ്റിമേറ്റ് ഐറ്റം നമ്പർ 5ആയി റോഡരികിൽ മണ്ണ് എടുത്തുമാറ്റി മിനിമം ദൂരം ലോറിയിൽ കൊണ്ടുപോയിക്കളഞ്ഞതിന് തുക പ്രത്യകം നൽകാവുന്നതല്ല. കയറ്റം കുറക്കുന്നതിന് വേണ്ടി മണ്ണ് എടുത്തുമാറ്റിയതായി .17.11.16 ന് അസിസ്റ്റന്റ് എൻജിനീയറോടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ അത് എത്രയുണ്ടെന്ന് പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല.കൺവീനർ ഹാജരാക്കിയ രേഖകളിലൊന്നും മണ്ണ് മാറ്റുന്നതിന് തുക ചെലവഴിച്ചിട്ടില്ല. കൺവീനറുടെ മിനട്സ് പ്രകാരമുള്ള കണക്കുകളിൽ ഈയിനത്തിൽ തുക ചെലവഴിച്ചതായിക്കാണുന്നില്ല. ആയതിനാൽ 146.4 m3 മണ്ണിന് 2507/10m3 നിരക്കിൽ 36702 രൂപ നൽകിയ നടപടി ശരിയല്ല. (M.Book page-17). ഓഡിറ്റ് എൻക്വയറി നമ്പർ-13/15-16/16.11.16 പ്രകാരം വിഷയം നിർവഹണഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്, മണ്ണ് മാറ്റുന്ന പ്രവൃത്തി നടത്തിയതാണെന്നും രേഖകൾ ഇനി മുതൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു. മറുപടി അംഗീകരിക്കാനാവില്ല. കൺവീനറുടെ കണക്കുകളിലില്ലാതെ തുക അനുവദിച്ചത് അനുവദിക്കാനാവില്ല. 36,702/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 കുടിവെള്ളപദ്ധതികളുടെ തുടർപ്രവൃത്തികൾക്ക് തുക ചെലവഴിച്ചത്.

2015-16വർഷം വിവിധകുടിവെള്ളപദ്ധതികളുടെ പൂർത്തീകരണപ്രവൃത്തികൾക്കുവേണ്ടി താഴെപ്പറയുന്ന തുകകൾ

ചെലവഴിച്ചു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | നിർവഹണം | ഫണ്ട് | ചെല വഴിച്ച തുക | വൗച്ചർ നമ്പർ |
|---|---|---|---|---|---|
| 385/16 | മുരിക്കിലാടി കുടിവെള്ള പദ്ധതി വൈദ്യുതീകരണം | അസി. എഞ്ചിനീയർ | വികസനഫണ്ട്. (T.S.P) | 76385 | 255/15-16 /31.3.16 |
| 301/16 | വലിയമൂല കുടിവെള്ളപദ്ധതി പൂർത്തീകരണം | അസി. എഞ്ചിനീയർ | വികസനഫണ്ട്. ലോകബാങ്ക് ധനസഹായം | 336695 | 205/15-16 /30.3.16 |
| 392/15-16 | കൈലാസംകുന്ന് കുടിവെള്ള പദ്ധതി റിപ്പയർ | അസി. എഞ്ചിനീയർ | വികസനഫണ്ട്.ജനറൽ | 101000 | 251/15-16 /31.3.16 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ആസ്തികളായി ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല. മേൽപ്പറഞ്ഞ പ്രവൃത്തികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല. ജി.ഒ.(എം.എസ്)362/2013 ത.സ്വ.ഭ.വ. 16.11.2013 പ്രകാരം ഒരു കുടിവെള്ള പ്രോജക്ട് തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. ഭാഗങ്ങളായി പ്രോജക്ട് തയ്യാറാക്കാൻ പാടില്ല. മേൽപ്പറഞ്ഞ പദ്ധതികളിൽ മുൻപ് നടന്ന പ്രവൃത്തികൾ ഏത് സമയത്ത് ആര് നടപ്പാക്കിയെന്നോ, ഫണ്ട് എത്ര വകയിരുത്തിയെന്നോ, ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. മുൻപ് വകയിരുത്തിയ പ്രോജക്ടുകളിൽ ബാക്കി നിൽക്കുന്ന തുകയാണോ ചെലവഴിച്ചതെന്നും വ്യക്തമല്ല. 17.11.16 ന് അസി എൻജിനീയറോടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ കുടിവെള്ളപദ്ധതികൾ ആരുടെ ഉടമസ്ഥതയിലാണെന്ന് സൂചിപ്പിക്കുന്ന യാതൊന്നും കണ്ടെത്താൻ കഴിഞ്ഞില്ല. ജലനിധി നടപ്പാക്കിയ പഞ്ചായത്തായതിനാൽ ഏത് പദ്ധതികൾക്കുവേണ്ടിയാണ് തുക ചെലവഴിച്ചതെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-16/15-16/16.11.16 ന് നൽകിയ മറുപടിയിൽ 5,14,080/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 പിൻവലിച്ച തുകകൾ പൂർണ്ണമായും ചെലവഴിച്ചില്ല.

പഞ്ചായത്തിൽനിന്നും വിവിധപ്രവൃത്തികൾക്ക് അലോട്ട്മെന്റ് മുഖേന അസി.എൻജിനീയർ ട്രഷറിയിൽനിന്ന് പിൻവലിക്കുന്ന തുകകൾ സുൽത്താൻബത്തേരി കോപ്പറേറ്റീവ് ബാങ്കിലെ 67077587127 ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽ നിന്നും ചെലവഴിക്കുന്ന രീതിയാണ് പിൻതുടരുന്നത്. ധനവകുപ്പിന്റെ 12.4.2006 ലെ ജി.ഒ.പി.177/2006 പ്രകാരം ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന തുകകൾ അന്നുതന്നെയോ തൊട്ടടുത്ത ദിവസമോ ഡിമാന്റ് ഡ്രാഫ്റ്റ് ആയി വിതരണം ചെയ്യേണ്ടതാണ്.

പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ അക്കൌണ്ടിൽ 430.4.16ന് 41,86,352/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക പിന്നീട് ചെലവഴിച്ചുവെന്ന് അറിയിച്ചുവെങ്കിലും കുറച്ച് തുക ബാക്കിയുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിൽ പിൻവലിച്ചതിൽ നീക്കിയിരിപ്പുള്ള ഈ തുക ഏതാണെന്നും എത്രയാണെന്നും വ്യക്തമാക്കിയിട്ടില്ല. ഏത് തുകയാണെന്ന് കണ്ടെത്തി തുക തിരിച്ചടക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും പിൻവലിച്ച് ബാങ്കിൽ സൂക്ഷിച്ച കാലയളവിലെ നിർവഹണഉദ്യോഗസ്ഥനിൽ നിന്നും നിയമാനുസൃതമുള്ള പലിശ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നിർമ്മാണ തൊഴിലാളിക്ഷേമനിധിവിഹിതം അടച്ചതിന്റെ രശീതുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ-19/15-16/16.11.16 പ്രകാരം ഈ വിവരം നിർവഹണ

ഉദ്യോഗസ്ഥയുടെയും സെക്രട്ടറിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 3-12 ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾക്കായി വാങ്ങുന്ന നിർമ്മാണ സാധനങ്ങൾക്ക് വിൽപ്പനനികുതി ഈടാക്കുന്നില്ല.

2003-ലെ കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം താഴെ കൊടുത്ത നിർമ്മാണ സാധനങ്ങൾക്ക് 14.5% നിരക്കിൽ മൂല്യവർദ്ധിത നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | ചരക്ക് | പട്ടിക | നികുതി നിരക്ക് |
|---|---|---|---|
| 2249 | STONE CRUSHED | V | 14.5% |
| 6244 | M SAND | V | 14.5% |

2015-16 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾക്കെല്ലാം മേൽ പട്ടികയിലെ ഇനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ശരിയായ ബില്ലിന് പകരം കൈപ്പറ്റ് രശീതുകളാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. സ്റ്റോൺ ക്രഷറുകൾക്ക് വാറ്റ് രജിസ്ട്രേഷൻ ഉള്ളതിനാൽ നിർമ്മാണ സാധനങ്ങൽ വാങ്ങിക്കുമ്പോൾ മൂല്യവർദ്ധിത നികുതി രേഖപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ തന്നെ വാങ്ങിക്കേണ്ടതാണ്. ഒറിജിനൽ ബില്ലുകൾ വാങ്ങിക്കാത്ത സാഹചര്യത്തിൽ സർക്കാർ ഖജനാവിന് വൻ നികുതി ചോർച്ച ഉണ്ടാകുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 20/15-16 ,തീയ്യതി 17.11.2016 ന് നൽകിയ മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഖജനാവിന് ലക്ഷകണക്കിന് രൂപയുടെ ധനനഷ്ടം ഉണ്ടാക്കുന്ന മേൽ കാര്യം തടയുന്നതിന് ഭരണസമിതി നടപടിയെടുക്കേണ്ടതാണ്.

## 3-13 പൊതുമരാമത്ത് പ്രവൃത്തികൾ-അശാസ്ത്രീയമായ ആസൂത്രണവും നടപ്പാക്കലും

ഒരു എഞ്ചിനീയറും രണ്ട് ഓവർസീയർമാരും ഒരു ക്ലാർക്കും മാത്രമാണ് പഞ്ചായത്തിലെ എൻജിനീയറിംഗ് വിഭാഗത്തിലുള്ളത്. തൻവർഷം പഞ്ചായത്തിൽ അംഗീകാരം വാങ്ങിയ 338 പ്രൊജക്ടുകളിൽ 311 പ്രോജക്ടുകൾ നടപ്പാക്കി .ഇത് കൂടാതെ അസിസ്റ്റന്റ് എൻജിനീയർക്ക് മറ്റൊരു പഞ്ചായത്തിന്റെ അഡീഷണൽ ചാർജ്ജും ഉണ്ടായിരുന്നു. ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവർ വെക്കുന്ന പദ്ധതികളുടെ ജോലികളും എൻജിനീയർ നിർ വഹിക്കേണ്ടതായിട്ടുണ്ട്. ചെറിയ, ചെറിയ തുകകൾ വകയിരുത്തി അസംഖ്യം കോൺക്രീറ്റ് പ്രവൃത്തികൾ ഉൾപ്പെടെ ഭാഗികമായ പ്രവൃത്തികളാണ് പഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുള്ളത്. പരിമിതമായ സ്റ്റാഫ് മാത്രം ഉണ്ടായിരിക്കെ പൊതുമരാമത്ത് മേഖലയിൽ അസംഖ്യം പ്രൊജക്ടുകൾ വയ്ക്കുന്നത് ശരിയല്ല. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ 16.11.13 ലെ ജി.ഒ.(എം.എസ്) 362/2013 പ്രകാരം ഒരു പദ്ധതി പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിലായിരിക്കണം പ്രോജക്ട് തയ്യാറാക്കേണ്ടത്.തുകകൾക്ക് അനുസൃതമായി ഭാഗികമായ പ്രോജക്ടുകൾ തയ്യാറാക്കാൻ പാടില്ല. പ്രൊജക്ട് തയ്യാറാക്കിയതിലൂടെ ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കുന്നതിനൊപ്പം തൻവർഷം ചെലവഴിക്കേണ്ട വൻ തുകചെലവഴിക്കാതെ നഷ്ടമാകുന്നതിനും ഇത് കാരണമാകുന്നുണ്ട്. പ്രവൃത്തികളുടെ ബാഹുല്യം കാരണവും ജീവനക്കാരുടെ എണ്ണത്തിലെ പരിമിതി കാരണവും പ്രവൃത്തികളുടെ ഭൂരിഭാഗവും നിർവ്വഹിച്ചാൽ തന്നെ ഗുണമേന്മ ഉറപ്പു വരുത്താൻ സൈറ്റ് സന്ദർശിക്കാൻ കഴിയാത്തതുമൂലം സ്റ്റാഫിനു കഴിയുകയില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

## 3-14 പാലാക്കുനി മാത്തൂർ റോഡ് സൈഡ് കെട്ട്-അപാകങ്ങൾ

2015-16വർഷം നടപ്പാക്കിയ പാലാക്കുനി മാത്തൂർ റോഡ് സൈഡ് കെട്ട് പ്രവൃത്തിയിൽ തുക അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 340/16 |

| | |
|---|---|
| പ്രോജക്ട് | പാലാക്കുനി മാത്തൂർ റോഡ് സൈഡ് കെട്ട് |
| നിർവഹണം | അസി.എഞ്ചിനീയർ |
| വൗച്ചർ നമ്പർ, തീയതി | 35/15-16/17.10.15 |
| ചെലവഴിച്ച തുക | 1,50,000/- |
| അളവുപുസ്തകം | 117/15-16 |
| കൺവീനർ | ശ്രീ. ഗോവിന്ദൻ കുട്ടി |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 45 മീറ്റർ റോഡ് സൈഡ് കെട്ടി മണ്ണ് നിറക്കുകയുമാണ് ചെയ്യേണ്ടത്. എസ്റ്റിമേറ്റ് ഐറ്റം നമ്പർ 4 ആയി 57.5 m3 മണ്ണ് 5 k.m ദൂരെ നിന്നും കൊണ്ടുവന്ന് നിറച്ചതിന് 2507/10 m3 നിരക്കിൽ 14,415/- രൂപ നൽകിയിട്ടുണ്ട്. കൺവീനർ ഹാജരാക്കിയ രേഖകളിലൊന്നും മണ്ണ് കൊണ്ടുവരുന്നതിന് തുക ചെലവഴിച്ചിട്ടില്ല. കൺവീനറുടെ മിനട്സ് പ്രകാരമുള്ള കണക്കുകളിൽ ഈയിനത്തിൽ തുക ചെലവഴിച്ചതായിക്കാണുന്നില്ല. ഓഡിറ്റ് എൻക്വയറി നമ്പർ-15/15-16/16.11.16 പ്രകാരം വിഷയം നിർവഹണഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന് മണ്ണ് നിറക്കുന്ന പ്രവൃത്തി നടത്തിയതാണെന്നും രേഖകൾ ഇനി മുതൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു. മറുപടി അംഗീകരിക്കാനാവില്ല. കൺവീനറുടെ കണക്കുകളിലില്ലാതെ തുക അനുവദിച്ചത് അനുവദിക്കാനാവില്ല. 14,415/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്തത്.

2015-16 വർഷത്തിൽ നടത്തിയ വിവിധ ചെലവുകൾ സംബന്ധിച്ച് വിവിധ ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| ഡിഡിനം/തീയതി | പ്രവൃത്തി/ആവശ്യം | തുക | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|
| 137600/22.7.15 | IAY general 2015-16 | 2080000 | bathery block pt |
| 137598/22.7.15 | IAY scp 2015-16 | 868305 | Bathery block pt |
| 137599/22.7.15 | IAY tsp 2015-16 | 3285000 | Bathery block pt |

വിവിധ ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-16 വി ഇ ഒ നടപ്പിലാക്കിയ പദ്ധതികൾ അപാകതകൾ

1) ഗ്രാമപഞ്ചായത്തിൽ 2015-16 വർഷംനടപ്പാക്കിയ ഭവനപുനരുദ്ധാരണപദ്ധതിയിൽ 8 വർഷം പൂർത്തിയാക്കാത്ത വീടുകൾക്ക് റിപ്പയർ ആനുകൂല്യം നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 39/15-16 |
| പ്രൊജക്ടിന്റെ പേര് | വീട് പുനരുദ്ധാരണം (ജനറൽ) |
| ഫണ്ടിനം | ജനറൽ വികസന ഫണ്ട് |
| അടങ്കൽ | 1500,000/- |

| | |
|---|---|
| ചെലവ് | 735000/- |

പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകങ്ങൾ വന്നിട്ടുണ്ട്.

എ)സബ്സിഡി മാർഗ്ഗരേഖ , ജി.ഒ.(എം.എസ്) 362/13/ ത.സ്വ.ഭ.വ 16/11/13പ്രകാരം 8 വർഷത്തിലധികം പഴക്കമുള്ള വീടുകൾക്കാണ് സബ്സിഡിക്ക് അർഹത.പല അപേക്ഷകളിലും ഗുണഭോക്താവ് വീടിന്റെ കാലപ്പഴക്കം കാണിച്ചിട്ടില്ല. വീടിന് പുനരുദ്ധാരണ-അറ്റകുറ്റപണികൾ അനിവാര്യമാണെന്ന് നിർവ്വഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. താഴെപ്പറയുന്ന അപേക്ഷകർക്ക് അർഹതയില്ലാതെയാണ് സബ്സിഡി നൽകിയത്.

| ക്രമനമ്പർ | ഗുണഭോക്താവ് | വീട്ട് നമ്പർ | വീട് നിർമ്മാണം പൂർത്തിയായ തീയതി/വർഷം | നൽകിയ തുക |
|---|---|---|---|---|
| 1 | ലത | NP/XVI/ 708 C | 22.4.15 | 15000 |
| 2 | സീനത്ത് | XIII/921-A | 16.2.10 | 15000 |
| | ആകെ | | | 30000 |

അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്

2)സ്വയം തൊഴിൽ പരിശീലനം.

പ്രോജക്ട് നം - 207/15

അടങ്കൽ - 2,33,000/- (വികസന ഫണ്ട്)

ചെലവ് - 1,70,000/-

ദീപം, ഉഷസ്സ് എന്നീ കുടുംബശ്രീ യൂണിറ്റുകൾക്ക് തുണി സഞ്ചി നിർമ്മാണം, ജ്യൂട്ട് ബാഗ് നിർമ്മാണം, റെക്സിൻ ബാഗ് നിർമ്മാണം എന്നിവക്കാവശ്യമായ പരിശീലനം നൽകിയതിന് ജീവൻ ജ്യോതി സുൽത്താൻബത്തേരി എന്ന സ്ഥാപനത്തിന് ചെക്ക് 9,12,589/- 8.9.15 പ്രകാരം 1,20,000/- രൂപ നൽകി. 25,000/- രൂപ വീതം ദീപം, ഉഷസ്സ് എന്നീ കുടുംബശ്രീ യൂണിറ്റുകൾക്ക് സംരംഭം തുടങ്ങുന്നതിനായി സബ്സിഡി നൽകി. സംരംഭം നാളിതുവരെ ആരംഭിച്ചിട്ടില്ല. ജീവൻ ജ്യോതി സുൽത്താൻബത്തേരി എന്ന സ്ഥാപനത്തിന് മേൽ പരിശീലനം നൽകാൻ അനുമതിയുണ്ടോ എന്നവിവരവും ഇല്ല. സംരംഭം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. സബ്സിഡി നൽകിയ 50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ അപാകതകൾ

1)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പുരുഷഅയൽക്കൂട്ടങ്ങൾക്ക് പോത്തുകുട്ടി വിതരണം 14/2016 |
| നിർവ്വഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | 3,99,000/- രൂപ (199500/- രൂപ (വികസന ഫണ്ട്)<br>1,99,500/- രൂപ(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 1,40,000/-രൂപ (വികസന ഫണ്ട്)<br>ബിൽനം 7/15-16/30.3.2016<br>1,40,000/-രൂപ(ഗുണഭോക്തൃ വിഹിതം) |
| വിതരണക്കാരൻ | ബ്രഹ്മഗിരി ഡവലപ്പ് മെന്റ് സൊസൈറ്റി |

പുരുഷ അയൽക്കൂട്ടങ്ങൾക്ക് പോത്തുകുട്ടി വിതരണം നടത്തുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്.

എന്നാൽ 40 വ്യക്തികൾക്കാണ് ആനുകൂല്യം നൽകിയത്. വ്യക്തികളുടെ ലിസ്റ്റാണ് ഗ്രാമസഭകളും ഭരണസമിതിയും അംഗീകരിച്ചിട്ടുള്ളത്. അപാകതക്ക് മറുപടി നൽകേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ക്ഷീരസമൃദ്ധി (തൊഴുത്തിൽ വിരിക്കുന്ന റബ്ബർ മാറ്റ് നൽകി) 24/2016 |
| നിർവ്വഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | 8,00,750/- രൂപ (599500/- രൂപ(CFC grant)<br>201250/- രൂപ (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 45,000/-രൂപ(വികസന ഫണ്ട്)<br>dd no 732488/25.4.2016 |
| വിതരണക്കാരൻ | കലവറ കൽപ്പറ്റ |

ബിൽനം 5/30.3.2016 പ്രകാരം 36 ഗുണഭോക്താക്കൾക്കായി 2,500/- രൂപയുടെ ആനുകൂല്യം നൽകുന്നതിനായി 90,000/- രൂപ പിൻവലിച്ചു. യഥാർത്ഥത്തിൽ 36 ഗുണഭോക്താക്കൾക്കായി 1,250/- രൂപയുടെ ആനുകൂല്യംനൽകുന്നതിനായി 45,000/- രൂപയേ പിൻവലിക്കേണ്ടതുണ്ടായിരുന്നുള്ളു. പിന്നീട് അധികം പിൻവലിച്ച 45,000/- രൂപ ചെലാൻ നം 477/31.3.2016 പ്രകാരം ട്രഷറിയിൽ തിരിച്ചടച്ചു. ഈ അപാകത ഭാവിയിൽ ആവർത്തിക്കരുത്.

## 3-18 അംഗനവാടി പോഷകാഹാരം വാങ്ങിക്കൽ

നെൻമേനി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന അംഗനവാടികളിലേക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നത് വാൽസല്യം ന്യൂട്രിമിക്സ് മാടക്കര, നെൻമേനി എന്ന സ്ഥാപനത്തിൽ നിന്നാണ്. സർക്കാർ സർക്കുലർ നം. 62393/ഡി ബി 2/2010 തസ്വഭവ തീയതി 13.11.2010 പ്രകാരം അംഗനവാടികളിലേക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ മാവേലി സ്റ്റോർ, നീതി സ്റ്റോർ, സഹകരണ സംഘങ്ങൾ, പൊതുവിതരണ കേന്ദ്രങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, തീരമൈത്രി സൂപ്പർമാർക്കറ്റുകൾ എന്നിവയിൽ നിന്നും മാവേലി സ്റ്റോറുകളുടെ വിലയിൽ അധികരിക്കാതെ വാങ്ങാൻ അനുമതിയുണ്ട്. വാൽസല്യം ന്യൂട്രിമിക്സ് മാടക്കര നെൻമേനി എന്ന സ്ഥാപനം മാവേലി സ്റ്റോർ,നീതി സ്റ്റോർ, സഹകരണ സംഘങ്ങൾ, പൊതുവിതരണ കേന്ദ്രങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, തീരമൈത്രി സൂപ്പർമാർക്കറ്റുകൾ എന്നീ വിഭാഗത്തിൽ വരുന്നതാണോ എന്ന വിവരം അറിയിക്കേണ്ടതാണ്.

## 3-19 അഗതി - ആശ്രയ പദ്ധതി കാര്യക്ഷമമല്ല.

ആശ്രയ മാർഗ്ഗരേഖ പ്രകാരം ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്. വീടു വയ്ക്കാൻ സ്ഥലം, വീട്, വീട് റിപ്പയർ, കക്കൂസ്, കുടിവെള്ളം, കറന്റ് തുടങ്ങിയ അടിസ്ഥാനസൗകര്യ ങ്ങൾക്കുള്ള ഫണ്ടാണ് സ്ഥാപനങ്ങൾ വഹിക്കേണ്ടിവരുന്നത്. ജനറൽ, SC, ST എന്നീ വിഭാഗങ്ങൾക്കായി മേൽ ആവശ്യങ്ങൾക്ക് വിഭാവനം ചെയ്യുന്ന പ്രൊജക്ടിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത്. ഇതുകൊണ്ട് തന്നെ പ്രോജക്ട് ആരംഭിച്ച് ആദ്യ വർഷങ്ങളിൽ തന്നെ ഗുണഭോക്താക്കളുടെ

അടിസ്ഥാനസൗകര്യാവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതായിരുന്നു. എന്നാൽ ആശ്രയ പദ്ധതിയിൽപ്പെട്ടവർക്ക് പ്രത്യേക പ്രൊജക്ടുകൾ വിഭാവനം ചെയ്ത് പരിമിതമായ ഫണ്ട് വകയിരുത്തുന്ന രീതിയാണ് പഞ്ചായത്തുകൾ സ്വീകരിച്ചുവരുന്നത്. ഇതുകൊണ്ടുതന്നെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ മുമ്പ് തന്നെ അതിലും ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങളിലുള്ളവർക്ക് ധനസഹായം ലഭ്യമാകുന്നുണ്ട്. ഇതിന്റെ ഫലമായി ആശ്രയ പദ്ധതിയിൽപ്പെട്ടവരുടെ ആവശ്യങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും നിറവേറ്റപ്പെടാതെ വരുന്നു.

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ നിലവിൽ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | 1st പ്രൊജക്റ്റ് | റീ -വിസിറ്റ് പ്രൊജക്റ്റ് | 2nd പ്രൊജക്റ്റ് | 1st പ്രൊജക്റ്റ് എസ്.റ്റി വിഭാഗം |
|---|---|---|---|---|
| പ്രൊജക്ടു പ്രകാരം ആകെ ഗുണഭോക്താക്കൾ* | 25 | 6 | 108 | 128 |
| പ്രൊജക്ടുപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | കണക്ക് ലഭ്യമല്ല. | കണക്ക് ലഭ്യമല്ല. | 1 | 05 |
| നാളിതുവരെ ലഭിച്ചവർ | ബാധകമല്ല. | ബാധകമല്ല. | പ്രൊജക്റ്റ് അംഗീകരിച്ചത് 2015-16 | ആർക്കും നാളിതുവരെ ലഭ്യമായതിന്റെ വിവരം ലഭ്യമല്ല. |
| പ്രൊജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 25 | കണക്ക് ലഭ്യമല്ല. | 4 | 28 |
| നാളിതുവരെ ലഭിച്ചവർ | 24 | ബാധകമല്ല. | 6 | വിവരം ലഭ്യമല്ല. |
| വീട് റിപ്പയർ ആവശ്യമുള്ളവർ | കണക്ക് ലഭ്യമല്ല. | കണക്ക് ലഭ്യമല്ല. | 17 | 4 |
| നാളിതുവരെ ലഭിച്ചവർ | ബാധകമല്ല. | ബാധകമല്ല. | 7 | വിവരം ലഭ്യമല്ല. |
| കക്കൂസ് ആവശ്യമുള്ളവർ | കണക്ക് ലഭ്യമല്ല. | കണക്ക് ലഭ്യമല്ല. | 8 | 12 |
| നാളിതുവരെ ലഭിച്ചവർ | ബാധകമല്ല. | ബാധകമല്ല. | 6 | വിവരം ലഭ്യമല്ല. |
| കുടിവെള്ളം ആവശ്യമുള്ളവർ | കണക്ക് ലഭ്യമല്ല. | 4 | ഇല്ല | 13 |

| | | | | |
|---|---|---|---|---|
| നാളിതുവരെ ലഭിച്ചവർ | ബാധകമല്ല. | വിവരം ലഭ്യമല്ല | ബാധകമല്ല. | വിവരം ലഭ്യമല്ല. |
| കറന്റ് ആവശ്യമുള്ളവർ | കണക്ക് ലഭ്യമല്ല. | കണക്ക് ലഭ്യമല്ല. | ഇല്ല | 23 |
| നാളിതുവരെ ലഭിച്ചവർ | ബാധകമല്ല. | ബാധകമല്ല. | ബാധകമല്ല. | വിവരം ലഭ്യമല്ല. |
| വകയിരുത്തിയ ഫണ്ടുകൾ – ചലഞ്ച് ഫണ്ട് + പ്ലാൻ ഫണ്ട് | | | | |
| വരവ് | 6,25,000 | 76,460 | ------------ | 10,09,060 |
| ചെലവ് | 5,82,500 | 43,500 | --- | 3,61,282 |
| നിക്കിബാക്കി | 42,500 | 32960 | --- | 6,47,778 |

ഗ്രാമപഞ്ചായത്ത് ചലഞ്ച് ഫണ്ട് ഉപയോഗിച്ച് അതിജീവനത്തിനുള്ള (ഭക്ഷണം, വസ്ത്രം) പ്രൊജക്ട് മാത്രമാണ് കുടുംബശ്രീ സി.ഡി.എസ് മുഖേന നടപ്പിലാക്കി വരുന്നത്. വീടു വയ്ക്കാൻ സ്ഥലം, വീട്, വീട് റിപ്പയർ, കക്കൂസ്, കുടിവെള്ളം, കറന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നാളിതുവരെ ലഭിച്ചതിന്റെ വിശദമായ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

വസ്ത്രം, ഭക്ഷണകിറ്റുകൾ എന്നിവ വാങ്ങിയതിന്റെ സ്റ്റോക്ക് വിതരണ വിവരങ്ങൾ കൃത്യമായും ചിട്ടയായും എഴുതി സൂക്ഷിക്കേണ്ടതാണ്. ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുൻഗണന നൽകേണ്ടതും നിർബന്ധമായും ഫണ്ട് വകയിരുത്തി പ്രൊജക്ട് നടപ്പിലാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | സ.ഉ(സ)നം956/2010 തസ്വഭവ<br>തീയതി: 20.03.2010 | 3,11,61,000 | 77,87,310 | 21,26,028 | ഇല്ല | 56,61,282 |
| സമ്പൂർണ്ണ ഭവനപദ്ധതി | 3016/ഡി.ബി.1/14 തസ്വഭവ 19.2.14 | 3,70,72,000 | | 85,43,784 | 23,45,715 | 2,85,28,216 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക കണക്ക് പ്രകാരം

| | |
|---|---|
| വർഷം | 2015-16 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 30,33,919 |
| തൻവർഷം നിക്ഷേപിച്ച തുക | ------ |
| ആകെ | 30,33,919 |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 30,33,919 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വിശദവിവരങ്ങൾ ലഭ്യമല്ല | |

## 4-6. ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 3- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 39 | 2003-04 | 12(5) | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധിക നിരക്ക് നൽകി- 14,840/-രൂപ | സമിതി പരിഗണനയിൽ. |

| | | | | | |
|---|---|---|---|---|---|
| 1999-00 | 32 | 2003-04 | 12(5) | എടക്കൽ തോട്ടിൽ നിന്നും മണൽ വാരൽ-കരാർ ചമക്കാൻ വിസമ്മതിച്ച ലേലം കൊണ്ട കരാറുകാരന് ഡെപ്പോസിറ്റ് തുക തിരികെ നൽകിയത്- 1,22,000/- രൂപ. | സമിതി പരിഗണനയിൽ. |
| 2001-02 | 3-6 | 2006-07 | 3.9.3 | പാട്ടക്കുന്ന് കുടിവെള്ള പദ്ധതി ഭരണ സമിതി അംഗങ്ങളുടെ അനാസ്ഥ കാരണം 60,876/- രൂപ പമ്പ് സെറ്റ് വിതരണം ചെയ്ത തേനങ്കൽ ട്രേഡേഴ്സിന് നൽകേണ്ടി വന്നു. | 23,600/- രൂപ സെക്രട്ടറി ശ്രീ.കേശവനിൽ നിന്നും ഈടാക്കാൻ ബാക്കിയുണ്ട്. |
| 2006-07 | 3-2 | 2009-10 | 3.8.12 | പുഞ്ചവയൽ കോളനിയിൽ കൃഷി ആവശ്യത്തിനായി നിലവിൽ വൈദ്യുതി ഇല്ലാത്ത സ്ഥലത്തിൽ ഇലക്ട്രിക് മോട്ടോർ വാങ്ങി നൽകി. ഇലക്ട്രിക് മോട്ടോർ കാണാതായി. | ഇലക്ട്രിക് മോട്ടോർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. |
| പ്രവർത്തനാവലോകനം | | 2011-12 | അനുബന്ധം-9 | ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. | ആസ്തി രജിസ്റ്റർ പൂർണ്ണമാക്കി ഡിജിറ്റലൈസ് ചെയ്ത് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. |
| പ്രവർത്തനാവലോകനം | | 2013-14 | 5.2.12 | വിദ്യാഭ്യാസ മേഖലയിൽ വിവര സാങ്കേതിക വിദ്യയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അസി.എഞ്ചിനീയർക്ക് 17.8.15 ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 16,26,22,380 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 12,61,09,811 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,29,28,587 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| വ്യക്തമായ നഷ്ടം ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1,06,24,018 | നാരായണൻ .കെ. സെക്രട്ടറി |
| 3-6 | 13,19,549 | വിനീത .സി.ടി .അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 3,46,724 | വിനീത . സി.ടി .അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 23,099 | വിനീത .സി.ടി .അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | 36,702 | വിനീത .സി.ടി .അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 5,14,080 | വിനീത. സി.ടി .അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14 | 14,415 | വിനീത . സി.ടി .അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-16 | 50,000 | ഖമറുന്നീസ.വി. വി.ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

---ഇല്ല---

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

---ഇല്ല---

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

---ഇല്ല---

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-91, 91-92 | LF(W).P4-360/10(1)/21.8.10 |
| 1992-93 | LF(W).P4-360/10(2)/21.8.10 |

| | |
|---|---|
| 1993-94 | LF(W).P4-360/10(3)/21.8.10 |
| 1994-95 | LF(W).P4-360/10(4)/21.8.10 |
| 1995-96 | LF(W).P4-360/10(5)/21.8.10 |
| 1996-97 | LF(W).P1-687/01/31.12.01 |
| 1997-98 | LF(W).P1-730/00/15.12.01 |
| 1998-99 | LF(W).P1-96/01/1.8.01 |
| 1999-00 | LF(W).P4-595/04/8.2.05 |
| 2000-01 | LF(W).P4-360/10(8)/21.8.10 |
| 2001-02(plan) | LF(W).P4-360/10(9)/21.8.10 |
| 2002-03 | LF(W).P4-360/10(10)/21.8.10 |
| 2003-04 | LF(W).P4-360/10(11)/21.8.10 |
| 2004-05 | LF(W).P4-360/10(12)/21.8.10 |
| 2005-06 | LF(W).P4-360/10(13)/21.8.10 |
| 2006-07 | LF(W).P4-360/10(14)/21.8.10 |
| 2007-08 | LF(W).P4-337/13 10.6.13 |
| 2008-09 | LF(W).P4-690/12 17.5.13 |
| 2009-10 | LF(W).P4-191/12 29.2.12 |
| 2010-11 | LF(W).P3-193/13 01.7.13 |
| 2011-12,12-13 | LF(W).P3-614/14 07.11.14 |
| 2013-14 | KSA WYD P3-693/2015 16.12.2015 |
| 2014-15 | KSA WYD P3-427/14.07.2016 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി.3/841/16 തിയ്യതി : 25.11.2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്, കൽപ്പറ്റ.
പിൻ -673121
Phone- 04936 203672
Email- dowyd.ksad@kerala.gov.in

### സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിൻെറ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിൻെറ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻെറ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എൻെറ അഭിപ്രായത്തിൽ നെന്മേനി ഗ്രാമപഞ്ചായത്തിൻെറ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

### AUDIT CERTIFICATE

No. KSA.(WYD) P.3/697/16 Dated. 25.11.2016.

Kerala State Audit Department

District Audit Office

Wayanad, Kalpetta

Phone: 04936-203672

Email- dowyd.ksad@kerala.gov.in

## CERTIFICATE

Certified that I have examined the Annual Financial Statement of NENMENI GramaPanchayat in Wayanad District for the year 2015-16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial statements of NENMENI GRAMA PANCHAYATH in WAYANAD for the year 2015-16, except the observations in My audit report, properly presents the picture of income and expenditure.

Deputy Director

Kerala Stat Audit Department,

District office, Wayanad.